# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 31/08/12

( 12 SHAWAL 1433 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

എല്ലാപേർക്കും സമാധാനാശംസകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്‌യിദ്ദീൻ (അ) തശ്ഹുദും, തഅവതും, സൂറ: അൽഫാതിഹയും ഓതിയശേഷം ഇങ്ങനെ പറഞ്ഞു.

**"വിശ്വസിച്ചവരോ (മുസ്‌ലിംകളോ) യഹൂദികളോ ക്രിസ്ത്യാനികളോ സാബികളോ (ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യനാളിലും (പരിപൂർണമായി) വിശ്വസിക്കുകയും, സത്ക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ (അനുയോജ്യമായ) പ്രതിഫലമുണ്ട്. (ഭാവിയെ സംബന്ധിച്ച്) അവർക്ക് യാതൊരു ഭയവും ഉണ്ടാകുന്നതല്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ ദുഃഖിക്കുന്നതുമല്ല."** (2: 63)

മോക്ഷത്തിലേക്ക് നയിക്കുന്ന മൂന്ന് അടിസ്ഥാന കാര്യങ്ങളെ കുറിച്ചാണ് മേലുദ്ധരിച്ച ആയത്തിൽ വിശദമാക്കുന്നത്.

**<u>ദൈവത്തിലുള്ള വിശ്വാസം</u>**

വിശ്വാസം മാത്രം മതിയോ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ അതോ നല്ലപ്രവൃത്തികൾ മാത്രം മതിയോ എന്നൊരു സംശയം സ്വാഭാവികമായി ഈ സന്ദർഭത്തിൽ ഉയർന്നുവരാം. ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരം ഈ ആയതിൽ ഉണ്ട്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും, അവന്റെ പ്രീതിയും ഗരിമയും ഉയർത്തിപ്പിടിക്കുന്നതും ഓരോ വ്യക്തിയേയും സ്വർഗ്ഗത്തിലേക്ക് നയിക്കുന്നു. നമ്മുടെ ഓരോ പ്രവൃത്തിക്കു പിന്നിലും ഓരോ ഉദ്ദേശമുണ്ട്. അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചു കൊണ്ടു ചെയ്യുന്ന കർമ്മങ്ങൾ മാത്രമേ എല്ലാവിധത്തിൽ ഉള്ള മാലിന്യങ്ങളിൽനിന്നും, അപര്യാപ്തതകളിൽ നിന്നും, തെറ്റുകുറ്റങ്ങളിൽ നിന്നും ഒഴിവായവ ആയിട്ടുള്ളു. അതായത് നാം മറ്റൊരാളെ സഹായിക്കുന്ന വേളയിൽ അയാളിൽ നിന്ന് ഒരു നന്ദി വാക്കു പോലും പ്രതീക്ഷിക്കാതെ വേണം അതുചെയ്യേണ്ടത്. നാം ചെയ്ത പ്രവർത്തിയുടെ പ്രതിഫലം നമുക്ക് നല്കേണ്ടത് അല്ലാഹുവാണ് അല്ലാതെ ഒരു മനുഷ്യനല്ല. അല്ലാഹുവിൽ അടിയുറച്ചു വിശ്വസിക്കാത്ത ഒരാൾക്ക് അത്തരം ഒരു മനോഭാവം ഉണ്ടാക്കിയെടുക്കുവാൻ സാധ്യമല്ല. അത്തരം ആൾക്കാരുടെ നല്ല പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ പ്രീതിയെക്കാൾ മറ്റെന്തെങ്കിലും ഭൗതീക നേട്ടങ്ങൾ ലക്ഷ്യമാക്കിയുള്ളതായിരിക്കും. അത് ചിലപ്പോൾ മറ്റുള്ളവരുടെ സ്നേഹവും, അംഗീകാരവും പിടിച്ചുപറ്റാനായിരിക്കും. അത്തരം പ്രവർത്തനങ്ങൾക്ക് അവരുദ്ദേശിച്ച ഫലം മാത്രം ഭൗതീക ലോകത്തു തന്നെ ലഭിക്കുകയും ചെയ്യുന്നതായി കാണാം. അല്ലാതെ അവ ആത്മീയമായ ഒരു മെച്ചപ്പെടലോ അല്ലാഹുവിന്റെ പ്രീതിയോ ലഭ്യമകാവുന്നതല്ല.

**<u>വിധിനാളിലുള്ള വിശ്വാസം</u>**

ജീവിതത്തിന് അടുക്കും ചിട്ടയും വരുത്തുന്നതിന് ഏറ്റവും അവശ്യമായ ഒരു ഘടകമാണ് നാമെല്ലാവരും കണക്കു പറയേണ്ടവരാണ് എന്ന വിശ്വാസം. നാമൊരിക്കലും എങ്ങും കണക്കു ബോധ്യപ്പെടുത്തേണ്ടവരല്ല എന്ന ചിന്തഗതി എല്ലാ ക്രിമിനൽ പ്രവർത്തനങ്ങളുടെയും ആണിക്കല്ലായിവർത്തിക്കും. എന്നാൽ കണക്കു പറയേണ്ടവരാണ് എന്നചിന്ത ഓരോരുത്തരെയും കൂടുതൽ കൂടുതൽ നല്ല പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു.

**<u>നല്ല കർമ്മങ്ങൾ പ്രവർത്തിക്കൽ</u>**

വിശുദ്ധ ഖുർആനിൽ സത്കർമ്മങ്ങൾ ചെയ്യുന്നത് സദാ വിശ്വാസം എന്ന ആശയവുമായി ബന്ധപ്പെടുത്തിയാണ് പ്രസ്താവിച്ചു കാണുന്നത്. സത്കർമ്മം ചെയ്യാതെയുള്ള വിശ്വാസം ഫലശൂന്യമായിരിക്കും. എന്നതു പോലെതന്നെയാണ് വിശ്വാസരഹിതമായ സത്ക്കർമ്മങ്ങളുടെ ഫലവും. ചുരുക്കത്തിൽ, എല്ലാ സത്ക്കർമ്മങ്ങളും, അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയുള്ള ഒരു തരത്തിലുള്ള ത്യാഗമാണ്.

കൂടാതെ, മറ്റു മതവിശ്വാസികൾക്കും സ്വർഗ്ഗ പ്രവേശനം സാധ്യമാണെന്ന് അല്ലാഹു നമ്മോട് ഉണർത്തുന്നു. (ഭാവിയെ സംബന്ധിച്ച്) അവർക്ക് യാതൊരു ഭയവും ഉണ്ടാകുന്നതല്ല, (കഴിഞ്ഞതിനെ സംബന്ധിച്ച്) അവർ ദുഃഖിക്കുന്നതുമല്ല എന്ന ആയത്ത് അത് നമുക്ക് ഉറപ്പുനല്കുന്നു ഇസ്ലാമിനു മുൻപ് അവതരിപ്പിക്ക

പ്പെട്ട മതങ്ങളെല്ലാം തന്നെ അല്ലാഹുവിനാൽ അയക്കപ്പെട്ട പ്രവാചകന്മാരാൽ സ്ഥാപിക്കപ്പെട്ടതാണെന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. ഇസ്ലാമിന്റെ സവിശേഷ പദവി അത് ലോകജനതയ്ക്കായി അവതരിപ്പിക്കപ്പെട്ട, ആഗോള മതമാണ് എന്നതത്രെ. അതേ സമയം മറ്റെല്ലാ മതങ്ങളും ഒരു പ്രത്യേക പ്രദേശത്ത്, പ്രത്യേക ജനതയ്ക്കായി മാത്രം അവതരിക്കപ്പെട്ടതാണ്. ഈ വസ്തുത അവയുടെ വേദഗ്രന്ഥങ്ങളിൽ നിന്ന് തെളിയിക്കപ്പെട്ടതാണ്. എന്നിരിക്കിലും, അവയെല്ലാം തന്നെ ഒരേ സ്രോതസ്സിൽ നിന്ന് ആത്മീയ ദർശനം സ്വീകരിക്കപ്പെട്ടിരിക്കുന്നതിനാൽ, അവയുടെ അധ്യാപനങ്ങളൊന്നും തന്നെ പരസ്പരം ഭിന്നങ്ങളല്ല തന്നെ. ഒരേ ദൈവം പലജനതയെ പലരീതിയിൽ പഠിപ്പിക്കില്ലല്ലോ. അങ്ങനെ ഒരിക്കലും സംഭവിക്കുകയുമില്ല. മതങ്ങൾക്കിടയിൽ നികത്താനാവാത്ത അകലം കാണപ്പെടുന്നുണ്ടെങ്കിൽ അതിനു , പിന്നീടു വന്ന തലമുറയുടെ ദുഷ്ചെയ്തികൾ തന്നെ. തങ്ങളുടെ സ്ഥാപിതതാത്പര്യങ്ങളുടെ സംരക്ഷണാർത്ഥം ദൈവീക വെളിപാടുകളെ വളച്ചൊടിച്ചതിന്റെ പരിണിത ഫലങ്ങളാണവ.

അതുപോലെ തന്നെ, സർവ്വലോകനാഥനും. പരിപാലകനുമായ അല്ലാഹു തന്റെ സൃഷ്ടിജാലങ്ങളുടെ ഭൗതീക നിലനില്പിനാവശ്യമായ കാര്യങ്ങളെല്ലാം നല്കിയിട്ട് കൂട്ടത്തിലൊരു വിഭാഗത്തിനു മാത്രം ഏറ്റവും അവശ്യമായ - ആത്മീയ ആഹാരം നല്കില്ല എന്നത് വിശ്വസിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. അല്ലാഹു വി. ഖുർആനിൽ പറയുന്നു.

**"ഓരോ സമുദായത്തിനും ഓരോ ദൈവദൂതൻ ഉണ്ട്. അങ്ങനെ അവരുടെ ദൂതൻ അവരുടെയടുക്കൽ ചെന്നു കഴിഞ്ഞാൽ നീതി പൂർവ്വം അവർക്കിടയിൽ വിധി കല്പിക്കപ്പെടുന്നതാണ്. അവരോട് ദ്രോഹം ചെയ്യപ്പെടുന്നതല്ല."**

ഇതിൽ നിന്നും, ഓരോ ജനതയ്ക്കും അല്ലാഹു തന്റെ ദൂതന്മാരിലൂടെ ദൈവീക വെളിപാടുകൾ മുഖേന മാർഗ്ഗദർശനം നല്കിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. ആദിമനിവാസികളോ, ഇന്ത്യക്കാരോ, അമേരിക്കക്കാരോ, എക്സിമോകളൊ, ആഫ്രിക്കക്കാരോ - ആരുമാകട്ടെ - ആർക്കും അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനം നല്കപ്പെടാതെയില്ല.

ചുരുക്കി പറഞ്ഞാൽ അല്ലാഹുവിന്റെ മാർഗ്ഗദർശനം പിന്തുടർന്നവർ ആരായിരുന്നാലും ശരി, എവിടെ ആയിരുന്നാലും ശരി, അവരെല്ലാം തന്നെ അക്ഷരാർത്ഥത്തിൽ മുസ്ലീംകൾ ആണ്. കാരണം അവർ അല്ലാഹുവിന്റെ ഇച്ഛയ്ക്ക് കീഴടങ്ങിയവരത്രെ. അതുപോലെ തന്നെ ഞാൻ മേലുദ്ധരിച്ച ഖുർആൻ ആയത് വ്യക്തമാക്കുന്നത്, അല്ലാഹുവിന്റെ സന്ദേശം സർവ്വാത്മനാ സ്വീകരിക്കുക എന്നത് ഓരോ വ്യക്തിയുടെയും കടമയാണ് എന്നാണ്. അവന്റെ ദൂതന്മാരുടെ ആഗമനം ഉണ്ടാകുമ്പോഴൊ, അവരെപറ്റി കേൾക്കാനിടയാകുമ്പോഴൊ നാം ഓരോരുത്തരും അല്ലാഹുവിന്റെ മാർഗ്ഗദർശനം സ്വീകരിക്കേണ്ടതാണ്. കാരണം ഇതിന് നാം അല്ലാഹുവിനോട് കണക്കു പറയേണ്ടവരാണ്.

ഇതു സംബന്ധമായി കൂടുതൽ കാര്യങ്ങൾ ഇൻശാഅല്ലാഹ് ഞാൻ അടുത്ത ഖുതുബയിൽ പ്രതിപാദിക്കുന്നതാണ്. ആമീൻ.

**ആഗസ്റ്റ് 30, 2012 ന് എനിക്ക് ക്രയോൾ ഭാഷയിൽ അല്ലാഹുവിൽ നിന്നും ലഭിച്ച വെളിപാട്**

ഓ മുഹ്യിദ്ദീൻ, അവരോടു പറയുക നിശ്ചയമായും ഞാൻ നിങ്ങളുടെ അടുത്ത് ഒരു താക്കീതുകാരനായി വന്നിരിക്കുന്നു. ഇതു പോലെ തങ്ങളുടെ വേദഗ്രന്ഥങ്ങളെ വളച്ചൊടിച്ച, ഛിന്നഭിന്നമാക്കിയ ഓരോ ജനതയ്ക്കിടയിലും താക്കീതുകാരെ നിയോഗിച്ചിട്ടുണ്ട്. അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി ഞാൻ അവരോട് ചോദിക്കുന്നതാണ്. നിന്നോട് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത് അവരോട് പ്രഖ്യാപിക്കുക, അല്ലാഹുവിന് പങ്കുകാരെ വെയ്ക്കുന്നവരിൽ നിന്നും അകന്നുമാറുക, അല്ലാഹുവിന് പങ്കുകാരെ വയ്ക്കുന്നവർക്കും പരിഹസിക്കുന്നവർക്കുമെതിരിൽ ഞാൻ നിനക്കു മതിയായവനത്രെ. ഈ വാഗ്ദാനം, അനതിവിദൂരഭാവിയിൽ അവർ മനസ്സിലാക്കുക തന്നെ ചെയ്യും.

Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

Translated by
**Fauzia Jamal**